LIBRARY ARCHIVES Kerala Legislative Assembly

അങ്കമാലി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

188 (853) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പ് അങ്കമാലി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അനുവദിച്ചിട്ടുള്ള തുക എത്രയെന്നും എന്നാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദ മാക്കാമോ ?

ഉത്തരം

(എ) ജലസേചന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചന വകുപ്പ് അങ്കമാലി നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി

അങ്കമാലി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ താഴെപ്പറയുന്നു :

1. അയ്യമ്പുഴ പഞ്ചായത്തിൽ അമലാപുരം തട്ടുപാറ ജലവിതരണ പദ്ധതി ക്കുവേണ്ടി 262 ലക്ഷം രൂപയുടെ ഭരണാനുമതി 2012-ൽ നൽകി.
2. നബാർഡ് ധനസഹായത്തോടുകൂടി പാറക്കടവ് കുടിവെള്ള പദ്ധതിക്കു വേണ്ടി 610 ലക്ഷം രൂപയുടെ ഭരണാനുമതി 29-5-2014-ൽ നൽകി.
3. ചീത്തപ്പാറ ഹരിജൻ കോളനി കുടിവെള്ള പദ്ധതിക്കായി 45 ലക്ഷം രൂപയുടെ ഭരണാനുമതി 6-2-2013-ൽ നൽകിയിട്ടുണ്ട്.
4. 2013-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾക്കായി 23 ജോലി കൾക്ക് 38.9 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
5. 2014-ലെ വരൾച്ചാദുരിതാശ്വാസ പ്രവൃത്തികൾക്കായി ഏഴ് ജോലി കൾക്ക് 13.7 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

6. നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 5 ജോലികൾക്ക് 53.07 ലക്ഷം രൂപയുടെ ഭരണാനുമതി 8-4-2011-ൽ നൽകിയിട്ടുണ്ട്.

7. കുറുകുറ്റി-മുക്കന്തൂർ-മഞ്ഞപ്ര, അയ്യമ്പുഴ, മലയാറ്റൂർ, നീലേശ്വരം പഞ്ചായത്തുകളിലും അങ്കമാലി മുനിസിപ്പാലിറ്റിയിലും കാലഹരണപ്പെട്ട എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി 475 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഭൂജല വകുപ്പ്

രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി 2014 പ്രകാരം

കൈപ്പമ്പ് സ്ഥാപിക്കുന്ന പദ്ധതി - 11 എണ്ണം

അനുവദിച്ച തുക - 88,300 രൂപ

വരൾച്ചാ ദുരിതാശ്വാസ പദ്ധതി 2013-14 പ്രകാരം

കഴൽ കിണർ നിർമ്മാണം - 24 എണ്ണം

അനുവദിച്ച തുക - 8,07,275 രൂപ

(ബി) ജലസേചന വകുപ്പ് 2015-16 വർഷത്തിൽ അനുവദിച്ച ഒരു പ്രവൃത്തി ഒഴികെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 2015-16 ലെ പ്രസ്തുത പ്രവൃത്തി പുരോഗമിക്കുന്നു.

കേരള ജല അതോറിറ്റി

1. അമലാപുരം തട്ടുപാറ കുടിവെള്ള പദ്ധതി 2015 ജൂൺ മാസത്തിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. പാറക്കടവ് കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കിയ് ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് പരിഷ്കരിക്കുന്നതിന് താഴെ ഓഫീസിലേയ്ക്ക് അയച്ചിട്ടുണ്ട്. ഡിവിഷൻ തലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

3. ചീത്തപ്പാറ ഹരിജൻ കോളനി കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് 30-6-2015-ന് മുമ്പായി കമ്മീഷൻ ചെയ്യുന്നതാണ്.

4. 2013-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ 23-ഉം പൂർത്തീകരിച്ചിട്ടുണ്ട്.

5. 2014-ലെ 7 വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളിൽ 2 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. നബാർഡ് സ്കീമിൽ ഉൾപ്പെടുന്ന 5 ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്.

7. കുറുകുറ്റി-മൂക്കന്നൂർ-മഞ്ഞപ്ര, അയ്യമ്പുഴ, മലയാറ്റൂർ, നീലേശ്വരം പഞ്ചായത്തുകളിലും അങ്കമാലി മുനിസിപ്പാലിറ്റിയിലും കാലഹരണപ്പെട്ട എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂജല വകുപ്പ്

നിലവിൽ ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കായംകുളം മണ്ഡലത്തിലെ ഇറിഗേഷൻ / വാട്ടർ അതോറിറ്റി പ്രവൃത്തികൾ

189 (854) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേനയും കേരള വാട്ടർ അതോറിറ്റി മുഖേനയും നടപ്പിലാക്കാൻ അനുമതി നൽകിയിരുന്ന പ്രവൃത്തികൾ ഏതെല്ലാം ആണെന്നും, ഓരോന്നിനും എത്ര തുക വീതമാണ് അനുവദിച്ചിരുന്നതെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ പൂർത്തീകരിച്ചവ, നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നവ, നിർമ്മാണം ആരംഭിക്കാത്തവ എന്നിവ ഏതെന്നും ഇവ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വിശദമാക്കാമോ ?

ഉത്തരം

(എ), (ബി) ജലസേചന വകുപ്പ്

കായംകുളം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മൈനർ, മേജർ ജലസേചന വിഭാഗങ്ങൾ മുഖാന്തിരം 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly